"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ- പിന്നോക്ക പൊതു വിഭാഗത്തിൽപ്പെട്ടവർക്ക് പുതിയ വായ്പ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി)വകുപ്പ്**

സ.ഉ.(സാധാ) നം.376/2024/WCDD തീയതി,തിരുവനന്തപുരം, 28-09-2024

---

പരാമർശം:- 1. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 10.01.2024-ലെ KSWDC/PO2/RM ORDERS/2023-24 /257 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ സ്ത്രീകൾക്ക് പ്രത്യേകിച്ച് സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും അധഃസ്ഥിതരുമായ വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമ്പത്തികവും സാമൂഹികവുമായ അവസരങ്ങൾ വിപുലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ അഭ്യസ്ത വിദ്യരായ സ്ത്രീകൾക്ക് സംരംഭക വായ്പകൾ നൽകുന്നതോടൊപ്പം തന്നെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനാവശ്യമായ വിദ്യാഭ്യാസ വായ്പകളും നൽകുന്നുണ്ട്. സ്ത്രീകളെ സാമ്പത്തികമായും സാമൂഹികമായും ശാക്തീകരിച്ചു കൊണ്ട് സംസ്ഥാനത്തിന്റെ മൊത്തം വികസനത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്ന വിധത്തിൽ സ്ഥാപനത്തിന്റെ വായ്പാ വിതരണ പദ്ധതികളെ വ്യാപിപ്പിച്ചിട്ടുണ്ട്. സർക്കാർ സാമ്പത്തിക സഹായത്തിന് പുറമേ സ്വന്തം ഫണ്ടും സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റി മുഖേന ലഭ്യമാക്കുന്ന വിവിധ ദേശീയ ധനകാര്യ കോർപ്പറേഷനിലെ ഫണ്ട് ഉപയോഗിച്ചു കൊണ്ടുമാണ് വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നത്. നാളിതു വരെയായി സംസ്ഥാനത്തൊട്ടാകെ 1200 കോടി രൂപയോളം വായ്പ വിതരണം ചെയ്യാൻ കഴിഞ്ഞു. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ചാണ് സംസ്ഥാനത്തെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട വനിതകൾക്കുള്ള വായ്പകൾ നൽകി വരുന്നത്.

(2) കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ ദേശീയ പിന്നോക്ക വിഭാഗ കോർപ്പറേഷനിൽ നിന്നുള്ള പിന്നോക്ക വിഭാഗത്തിനുള്ള ലോൺ ഫണ്ട് ലഭ്യത കുറഞ്ഞ് വരുന്ന സാഹചര്യത്തിൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ട കൂടുതൽ വനിതകളെ പരിഗണിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷന്റെ 187-ാമത് ബോർഡ് ഈ വിഷയം പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും 10 കോടി രൂപ പുതിയ വായ്പ പദ്ധതി പ്രകാരം 8% വാർഷിക പലിശ നിരക്കിൽ സർക്കാർ അനുമതിയോടെ നടപ്പിലാക്കുന്നതിന് ബോർഡ് അംഗീകാരം നൽകിയിരുന്നു. കൂടാതെ പൊതുവിഭാഗത്തിൽപ്പെട്ട കൂടുതൽ വനിതകൾക്ക് സ്വയം തൊഴിൽ വായ്പ തനത് ഫണ്ടിൽ നിന്നും 5 കോടി രൂപ 8% വാർഷിക പലിശ നിരക്കിൽ പുതിയ പദ്ധതി പ്രകാരം നടപ്പിലാക്കുന്നതിനും, ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്ക് വിദ്യാഭ്യാസ വായ്പ നൽകുന്നതിനായി 'വിദ്യാമിത്ര' എന്ന പേരിൽ വിദ്യാഭ്യാസ പദ്ധതിയും നടപ്പിലാക്കാൻ കോർപ്പറേഷന്റെ ബോർഡ് തീരുമാനിച്ചിരുന്നു. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കൂടുതൽ വനിതകളെ സ്വയം പര്യാപ്തതയിലെത്തിക്കാൻ വനിത വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പുതിയ പദ്ധതികളിലൂടെ സാധിക്കുന്നതാണ്. പിന്നോക്ക, പൊതുവിഭാഗത്തിൽപ്പെട്ട വനിതകൾക്കായുള്ള സ്വയംതൊഴിൽ , വിദ്യാഭ്യാസ വായ്പകൾ കോർപ്പറേഷന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് അനുമതിയും അംഗീകാരവും നല്കണമെന്ന് വനിതാ വികസന കോർപ്പറേഷനിൽ നിന്നും പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന പിന്നോക്ക, പൊതു വിഭാഗത്തിൽപ്പെട്ട വനിതകൾക്കായി അനുബന്ധമായി ചേർത്തിരിക്കുന്ന സ്വയംതൊഴിൽ, വിദ്യാഭ്യാസ വായ്പകൾ വനിതാ വികസന കോർപ്പറേഷന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് അനുമതിയും അംഗീകാരവും നല്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്(vide U.O.No.2701681/PU-C2/16/2024-FIN dated 05.08.2024)

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 28-09-2024 14:59:54